## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 3637 — 15.07. 2015 ൽ മറുപടിക്ക്.

### അന്യ സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ അന്യ സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം ആധികാരികമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത് എന്നറിയിക്കുമോ ; | (എ) കേരളത്തിലെ അന്യ സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ക്ഷേമ പ്രവർത്തനവും നടപ്പിലാക്കുന്നതിനു വേണ്ടി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം നാളിതുവരെ (2015 മെയ് 31) 49,674 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) നിലവിൽ കൃത്യമായ ഒരു വിവരശേഖരണം സാദ്ധ്യമല്ലാത്തതാകുന്നു എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; | (ബി) ഉണ്ട്. ടി പദ്ധതി സ്വയമേവ പദ്ധതിയാണ്. അതിനാൽ അംഗത്വം നിർബന്ധമാക്കിയിട്ടില്ല. ടി തൊഴിലാളികൾ ഒരു സ്ഥലത്ത് നിന്ന് അടിക്കടി തൊഴിലിടം മാറുന്നതും തൊഴിലുടമ/ കോൺട്രാക്ടർ പദ്ധതിയിൽ അംഗങ്ങളെ ചേർക്കാനുള്ള നിസ്സഹകരണം കാണിക്കുന്നതും തൊഴിലാളികളുടെ താൽപ്പര്യക്കുറവും ഇതിന് കാരണമായി കണക്കാക്കാവുന്നതാണ്. |
| (സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ ? | (സി) കേരളത്തിലെ എല്ലാ കുടിയേറ്റ തൊഴിലാളികളെയും പദ്ധതിയിലേയ്ക്ക് അംഗങ്ങളാക്കുക എന്ന ലക്ഷ്യത്തോടു കൂടിയും, വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള കുടിയേറ്റ തൊഴിലാളി കൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളെ ക്കുറിച്ചും അവകാശങ്ങളെ സംബന്ധിച്ചും 14 ജില്ലകളിലും വ്യാപകമായ ബോധവത്ക്കരണ |

പരിപാടി നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി അന്യസംസ്ഥാന തൊഴിലാളികൾ കൂട്ടമായി ജോലി ചെയ്യുന്ന പണി സ്ഥലങ്ങളിലും, താമസസ്ഥലങ്ങളിലും കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയെക്കുറിച്ചും ടി പദ്ധതി വഴി ലഭിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചും ഇവർക്ക് നേരിട്ട് വിശദീകരണം നൽകുകയും, ഹിന്ദിയിലുള്ള ലഘുലേഖകൾ നൽകുകയും ചെയ്യുകയുണ്ടായി. കൂടാതെ ഇവർ കൂട്ടമായി ഒത്തുചേരുന്ന കേന്ദ്രങ്ങളിൽ പദ്ധതിയെ സംബന്ധിച്ച് വിശദീകരിക്കുന്ന ഹിന്ദിയിലും മലയാളത്തിലുമുള്ള പോസ്റ്ററുകളും ബാനറുകളും പ്രദർശിപ്പിക്കുകയുണ്ടായി. കൂടാതെ പദ്ധതിയുടെ ആനുകൂല്യങ്ങൾ ആകർഷകമാക്കി വ്യാപകമായി പ്രചാരണം നൽകി എല്ലാ തൊഴിലാളികളെയും അംഗങ്ങളാക്കി മാറ്റി ഇവരുടെ വിവരശേഖരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളികളെ ജോലി ചെയ്യിക്കുന്ന പണിസ്ഥലങ്ങളിൽ തൊഴിലുടമയ്ക്കും കരാറുകാരനും രജിസ്ട്രേഷനും ലൈസൻസും നിർബന്ധിതമാക്കി തൊഴിലാളികളുടെ വിവരശേഖരണം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ